"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സനൽകുമാർ വി. ആർ. ന് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.994/2026/LSGD തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/08/2025 ലെ LSGD/PD/17297/2024-VIGD2 നമ്പർ കത്ത്.
2. സർക്കാരിന്റെ 30/10/2025 ലെ ഇപിബി3/153/2025/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ. സനൽകുമാർ വി. ആർ. സമർപ്പിച്ച 25/11/2025 തീയതിയിലെ എതിർവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/02/2026 ലെ LSGD/PD/17297/2024-VIGD2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച്, 27/10/2023 ന് ജോലിയിൽ പ്രവേശിച്ച ശ്രീ. സനൽകുമാർ വി. ആർ.-ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 28/10/2023 തീയതി മുതൽ 08/12/2023 തീയതി വരെ ജില്ലാ ജോയിന്റ് ഡയറക്ടർ അവധി അനുവദിച്ചിരുന്നു. ടി അവധി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ 10/03/2024 വരെ ദീർഘിപ്പിക്കുന്നതിന് (മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ 93 ദിവസത്തേക്ക് ശൂന്യവേതനാവധി) അപേക്ഷ സമർപ്പിച്ചിരുന്ന ടിയാൻ 11/03/2024 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിക്കുകയോ, അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നു.

2. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായ സെക്രട്ടറി, അവധിയിൽ തുടരേണ്ട സാഹചര്യം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിനെയോ മേലുദ്യോഗസ്ഥരെയോ വാക്കാലോ രേഖാമൂലമോ അറിയിക്കുകയോ ചെയ്തിട്ടില്ല എന്നതും മേലധികാരിയുടെ അനുമതി മുൻകൂട്ടി വാങ്ങാതെ ഉത്തരവാദിത്തപ്പെട്ട തസ്തികയിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ അനധികൃത അവധിയിൽ തുടർന്നത് ടിയാളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയുമാണ് എന്നതിനാൽ ഒഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സനൽകുമാർ വി.ആർ.-നെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ

വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി.

3. തുടർന്ന് ഒഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സനൽകുമാർ വി. ആർ.-നെതിരെ അനധികൃത ഹാജരില്ലായ്മക്ക് **KCS(CCA)Rules** ചട്ടം **16** പ്രകാരം സർക്കാർ തലത്തിൽ പരാമർശം (2) കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റാരോപണ മെമ്മോക്ക് ശ്രീ. സനൽകുമാർ വി. ആർ. പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*കുറ്റാരോപണ മെമ്മോയിൽ ആരോപിക്കും പ്രകാരമുള്ള യാതൊരുവിധ കൃത്യവിലോപത്തിനും ഇടയാക്കിയിട്ടില്ലെന്നും ഉത്തരവാദിത്തത്തോടും സത്യസന്ധമായും ആത്മാർത്ഥമായും കൃത്യതയോടെയും മാത്രം എല്ലാ ചുമതലകളും ഇക്കാലയളവിൽ നിർവഹിച്ചിട്ടുള്ളതാണ്.*

*27/10/2023 -നാണ് മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചത്. മഞ്ഞപ്പിത്തത്തിന് ചികിത്സയിലായിരുന്നത് കാരണം 28/10/2023 മുതൽ 24/11/2023 വരെ 28 ദിവസത്തേക്ക് ആർജ്ജിതാവധിയും, തുടർന്ന് 25/11/2023 മുതൽ 08/12/2023 വരെ 14 ദിവസത്തേക്ക് ശുന്യവേതനാവധിയും അപേക്ഷിച്ച് അനുവദിച്ചിരുന്നു. ഈ അവധിയിലായിരുന്ന സമയത്ത് 28/11/2023 ന് ഭാര്യമാതാവ് മരണപ്പെട്ടു. മരണാനന്തര ചടങ്ങുകൾക്കും ആരോഗ്യപരമായ നിർബന്ധിത അവസ്ഥകളാലും 09/12/2023 മുതൽ 28/04/2024 വരെ തവണകളായി ശുരന്യവേതനാവധിക്ക് അപേക്ഷിച്ച് അവധിയിൽ തുടരേണ്ടിവന്നു. പിന്നീട് 29/04/2024ന് ഒഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പുനഃപ്രവേശിച്ചു. എന്നാൽ തന്റെ അഭാവത്തിൽ ഒഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധികചുമതല RTC പ്രകാരം നൽകിയിരുന്ന അസിസ്റ്റന്റ് സെക്രട്ടറി തെരഞ്ഞെടുപ്പ് ജോലികളുമായി ഡ്യൂട്ടിയിലായിരുന്നതിനാൽ 02/05/2024 തീയതിയിൽ മാത്രമാണ് RTC കൈമാറാൻ സാധിച്ചത്.*

*അവധി അപേക്ഷകൾ നിരസിക്കാതെയും ജോലിയിൽ പ്രവേശിക്കാൻ നോട്ടിസ് നൽകാതെയും 2 വർഷത്തിന് ശേഷം അനധികൃത അവധി ആരോപിക്കുന്നത് ഖേദകരമാണ്. അവധിയിൽ പ്രവേശിച്ചപ്പോൾ ചുമതല കൈമാറ്റം ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നു തന്നെയാണ് തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ ചുമതല ഏറ്റെടുത്തതെന്നും അനാരോഗ്യവും ഭാര്യമാതാവിന്റെ മരണവും കാരണമുണ്ടായ സാഹചര്യം കുറ്റമായി കാണരുതെന്നും മാനുഷിക പരിഗണന നൽകി കുറ്റാരോപണങ്ങളിൽ നിന്ന് ഒഴിവാക്കി തുടർ നടപടികൾ അവസാനിപ്പിച്ച് അവധി അനുവദിക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.*

4. എതിർവാദ പത്രികയിന്മേൽ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

*ശ്രീ. സനൽ കുമാർ വി.ആർ. -ന് **09/12/2023** മുതൽ **10/03/2024** വരെ **93** ദിവസത്തേക്ക് മെഡിക്കൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ശൂന്യവേതനാവധിക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും, **30/03/2024** വരെ മെഡിക്കൽ ഗ്രൗണ്ടിലല്ലാതെയുള്ള അവധി അപേക്ഷകൾ പരിഗണിക്കേണ്ടതില്ലായെന്ന പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശമുണ്ടായിരുന്നതിനാൽ ടി അവധി അനുവദിച്ചിട്ടില്ല.*

*പിന്നീട് ഒഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സനൽകുമാർ വി.ആർ. **09.03.2024** മുതൽ **12.04.2024** വരെ ശുന്യവേതനാവധി അനുവദിക്കുന്നതിന് ആവശ്യപ്പെട്ട് കൊണ്ട് **08.03.2024** തീയതി രേഖപ്പെടുത്തിയ അപേക്ഷ ഒഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ **02.04.2024** തീയതി രേഖപ്പെടുത്തിയ **GPO/2024/1423(1)** നമ്പർ കത്ത് പ്രകാരം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചത് **09.4.2024** തീയതിയിലാണ്. അനധികൃത ഹാജരില്ലായ്മ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി അവധി അപേക്ഷയും അനുവദിച്ചിട്ടില്ലാത്തതാണ്. **RTC** പ്രകാരം **02.5.2024 FN-**നാണ് ഒഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല ശ്രീ. സനൽ കുമാർ വി.ആർ. ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ പഞ്ചായത്തിലെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ. സനൽകുമാർ വി. ആർ. **29/04/2024** ൽ ഓഫീസിൽ ജോയിൻ ചെയ്തതായി കാണുന്നു. അവധി അനുവദിക്കാതെ **9/12/2023** മുതൽ **28/4/2024** വരെ അനധികൃത അവധിയിൽ പ്രവേശിച്ചതിന് ശ്രീ. സനൽകുമാർ വി. ആർ. നെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടി തുടരാവുന്നതാണ് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അവധി അപേക്ഷ സമർപ്പിച്ചുവെങ്കിലും മേലധികാരിയുടെ അനുമതി മുൻകൂട്ടി വാങ്ങാതെ ഉത്തരവാദിത്തപ്പെട്ട തസ്തികയിലിരിക്കുന്ന സെക്രട്ടറി അനധികൃത അവധിയിൽ തുടർന്നത് ടിയാളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കണ്ട്, മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്ത് ശ്രീ. സനൽകുമാർ വി. ആർ.-നെതിരെ **KCS(CCA)Rules** ചട്ടം **16** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ, ടിയാന് 'സെൻഷ്വർ' നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. സനൽകുമാർ വി. ആർ., മുൻ സെക്രട്ടറി, ഒഴൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം.
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (*ഫയൽ നം. ഇപിബി3/153/2025/തസ്വഭവ. നമ്പർ ഫയലിലേക്ക്*).

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 12-05-2026 13:40:10
സെക്ഷൻ ഓഫീസർ